കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് അന്വേഷണം - കണ്ണൂർ നഗരസഭ - മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. ബി.കെ. ബലരാജിനെതിരെയും ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എ. കൃഷ്ണൻ, ശ്രീ. റ്റി. രവീന്ദ്രൻ എന്നിവർക്കെതിരെയും ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1525/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.04.2016.

================================================================================

**പരാമർശം :**
1) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.02.2014 തീയതിയിലെ C6(VC 1/11/KNR) 5520/11 നമ്പർ കത്ത്.
2) ശ്രീ. ബി.കെ. ബലരാജ്, സെക്രട്ടറി, ശ്രീ. എ. കൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ശ്രീ. റ്റി.രവീന്ദ്രൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, എന്നിവർക്ക് നൽകിയ 27.09.2014 തീയതിയിലെ 52419/ഇയു1/14/തസ്വഭവ. നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. ബി. കെ. ബലരാജ്, കോർപ്പറേഷൻ സെക്രട്ടറി, കോഴിക്കോട് സമർപ്പിച്ച 06.12.2014 തീയതിയിലേയും, ശ്രീ. എ. കൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കാസർകോട് നഗരസഭ, ശ്രീ. റ്റി.രവീന്ദ്രൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, തളിപ്പറമ്പ് നഗരസഭ എന്നിവർ സമർപ്പിച്ച 12.12.2014 തീയതിയിലേയും പ്രതിവാദ പത്രികകൾ.
4) നഗരകാര്യ ഡയക്ടറുടെ 25.06.2015, 18.09.2015 തീയതികളിലെ വി2-18099/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ 2009 മേയ് മാസത്തിലെ മൺസൂണിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ 2009 മേയ് മാസത്തിൽ കണ്ണൂർ നഗരസഭയിൽ, 2,75,000/- രൂപ ചെലവിട്ട് നടത്തിയ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ ഓടകൾ വൃത്തിയാക്കുന്ന പ്രവർത്തികൾക്ക് നൽകിയ മുൻകൂർ അനുമതിക്കും അഡ്വാൻസ് തുക നൽകിയതിനും മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരം നേടിയിരുന്നില്ലെന്ന് കണ്ടെത്തിയതിനാൽ കണ്ണൂർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.ബി.കെ. ബലരാജിനെതിരെയും പ്രസ്തുത പ്രവർത്തി സംബന്ധമായ മസ്റ്റർ റോളുകൾ കൃത്യമായി തയ്യാറാക്കാത്തതായും പ്രസ്തുത പ്രവർത്തിയിൽ പങ്കെടുത്ത തൊഴിലാളികളുടെ ആകെ എണ്ണം സംബന്ധിച്ച് ക്രമക്കേടുകൾ ഉള്ളതായും പ്രവൃത്തി നടന്നതിനു ശേഷം മസ്റ്റർ റോളുകൾ തയ്യാറാക്കിയതിനാൽ മസ്റ്റർ റോളുകൾ പൂരിപ്പിച്ചിരുന്നതിൽ വിവിധ തെറ്റുകൾ സംഭവിച്ചതായും കണ്ടെത്തിയതിനാൽ കണ്ണൂർ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എ. കൃഷ്ണൻ, ശ്രീ.റ്റി. രവീന്ദ്രൻ എന്നിവർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുകയും രണ്ടാം പരാമർശിത കുറ്റപത്രം നൽകുകയുമുണ്ടായി.

2. കുറ്റാരോപണ മെമ്മോയ്ക്ക് കുറ്റാരോപിതർ സമർപ്പിച്ച മൂന്നാം പരാമർശിത പ്രതിവാദ പത്രികയിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**a)** 15.04.2008 മുതൽ 20.07.2009 വരെയുള്ള കാലയളവിലാണ് താൻ കണ്ണൂർ നഗരസഭയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും മഴക്കാലം ആരംഭിക്കുവാൻ കേവലം ആഴ്ചകൾ മാത്രമേയുള്ളൂ എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 15(4)-ന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ചുകൊണ്ട് ഓടകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നഗരസഭാ ചെയർമാൻ നൽകിയ മുൻകൂർ അനുമതി പ്രകാരം കൗൺസിലർമാരുടെ സാന്നിദ്ധ്യത്തിലാണ് ഓടകളിൽ നിന്ന് മാലിന്യം നീക്കം ചെയ്തതെന്നും നീക്കം ചെയ്ത മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനു മുൻപായി കൗൺസിലർമാർ ഓടകൾ പരിശോധിച്ച് പ്രവർത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതും തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നതിന് മുൻപായി ബന്ധപ്പെട്ട കൗൺസിലർമാരുടെ സാക്ഷ്യപത്രം കൂടി ലഭ്യമാക്കിയിരുന്നതുമാണെന്നും എല്ലാ വിഷയങ്ങളും പരിശോധിച്ചതിനു ശേഷമാണ് ഹെൽത്ത് ഇൻസ്പെക്ടർമാർ വേതനം അനുവദിച്ചതെന്നും മസ്റ്റർ റോളുകൾ തയ്യാറാക്കിയിട്ടുള്ളതും ആയതിൽ ഒപ്പുവച്ചതിനു ശേഷം മാത്രമാണ് തൊഴിലാളികൾക്ക് വേതനം നൽകിയതെന്നും മുൻകൂറായി തുക നൽകിയ തല്ലാതെ അതിന്റെ കണക്കുകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള തുടർനടപടികൾക്കായി ബന്ധപ്പെട്ട ഫയൽ താൻ സ്ഥലംമാറിപ്പോകുന്നതുവരെ ലഭിച്ചിരുന്നില്ലെന്നും ഓടകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട ഡിവിഷനുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണ് അഡ്വാൻസ് തുക നൽകിയിരുന്നതെന്നും ടി പ്രവൃത്തി ദിവസ വേതനക്കാരെ ഉപയോഗിച്ച് ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ചെയ്യിച്ചതെന്നും മുൻകൂറായി നൽകിയ തുക ക്രമീകരിച്ച് കണക്ക് തീർപ്പ് കൽപ്പിക്കേണ്ടത് ബന്ധപ്പെട്ട ആരോഗ്യ വിഭാഗം മേധാവിയുടെയും അക്കൗണ്ട്സ് വിഭാഗം മേധാവിയുടെയും ഉത്തരവാദിത്വം ആയിരുന്നുവെന്നും ശ്രീ. ബി.കെ. ബലരാജ് പ്രസ്താവിച്ചിട്ടുണ്ട്. നാളിതുവരെയായി സെക്രട്ടറി എന്ന നിലയിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെയോ ഓട വൃത്തിയാക്കൽ പ്രവർത്തിയുടേയോ പ്രവർത്തനങ്ങളിൽ യാതൊരുവിധ ആരോപണങ്ങൾക്കോ ക്രമക്കേടുകൾക്കോ ഇടവരുത്തിയിട്ടില്ലെന്നും ബോധപൂർവ്വമല്ലാതെ എന്തെങ്കിലും വീഴ്ച നടപടിക്രമങ്ങൾ പാലിക്കുന്നതിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ശ്രീ.ബി.കെ. ബലരാജ് അഭ്യർത്ഥിച്ചു.

**b)** ശ്രീ. എ. കൃഷ്ണൻ കണ്ണൂർ നഗരസഭയിൽ 01.12.2001 മുതൽ 07.04.2010 വരെ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി ചെയ്തിട്ടുള്ളതാണെന്നും കമ്മിറ്റിയുടെ അനുമതി പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് H3.9830/09 കണ്ണൂർ തീയ്യതി 23.04.2009-ൽ ബി ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറായ തന്നെ 1949 എണ്ണം CLR തൊഴിലാളികളെ 140 രൂപ ദിവസവേതനത്തിൽ നിയോഗിച്ച് ഉദ്ദേശം 43 ഇടത്തരം ഓവുചാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും ആയതിന് നഗരസഭാ സെക്രട്ടറി മുൻകൂറായി അനുവദിച്ച 1,50,000 രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ഉപയോഗിച്ച് ഓവുചാലുകളിലെ മാലിന്യം ദിവസവേതനാടിസ്ഥാനത്തിൽ പുറമേ നിന്നും തൊഴിലാളികളെ നിയോഗിച്ച് മാലിന്യവും, ചെളിയും, മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കുന്ന ജോലിയുടെ മേൽനോട്ടം വഹിക്കുകയും നീക്കം ചെയ്ത മാലിന്യങ്ങൾ റോഡരുകിൽ കൂട്ടിയിടുന്നത് പൊതുജനങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും പരാതിയുണ്ടാകാൻ സാധ്യതയുള്ളതിനാൽ മേലധികാരികളുടെ അനുമതിയോടെ നഗരസഭ, കുടുംബശ്രീ വാഹനങ്ങൾ ഉപയോഗിച്ച് യഥാസമയം നീക്കം ചെയിതിട്ടുള്ളതുമാണെന്നും അനുവദനീയമായ 140 രൂപ ദിവസവേതനം നൽകിയ വേളയിൽ ഉത്തരവു പ്രകാരം അനുവദനീയമായ CLR തൊഴിലാളികളെക്കൊണ്ട് മസ്റ്റർ റോളുകളിൽ തുക

കൈപ്പറ്റിയതിന് ഒപ്പു വാങ്ങിയിട്ടുള്ളതുമാണെന്നും പ്രവൃത്തി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്തി മുൻകൂർ ലഭിച്ച തുകയുടെ സപ്ലിമെന്ററി ബില്ലും ബാക്കി തുകയുടെ ഫൈനൽ ബില്ലും യഥാസമയും സമർപ്പിച്ചിട്ടുള്ളതുമാണെന്നും ഓടയിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മസ്റ്റർ റോളിലോ, മേൽനോട്ടത്തിലോ യാതൊരു വിധ ക്രമവിരുദ്ധ നടപടികൾ തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും എന്തെങ്കിലും കുറ്റങ്ങൾ ഉണ്ടെങ്കിൽ തന്റെ അറിവില്ലായ്മ മൂലമാണെനന്നും ബോധപൂർവ്വം കുറ്റം ചെയ്തതല്ലെന്നും ആയതിനാൽ തന്റെ പേരിൽ യാതൊരു ശിക്ഷാനടപടിയും സ്വീകരിക്കരുതെന്നും അപേക്ഷിക്കുകയുണ്ടായി.

**c)** കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരിക്കുന്നതു പോലെ തനിക്ക് 75,000/- രൂപ മാത്രമേ അഡ്വാൻസ് നൽകിയിട്ടുള്ളുവെന്നും, മൊത്തം തുക 1,16,200/- രൂപയുടെ ബിൽ മാത്രമേ സമർപ്പിച്ചിട്ടുള്ളൂ എന്നും 2,75,000/- രൂപ എന്നത് ശരിയല്ലെന്നും ശ്രീ. ടി. രവീന്ദ്രൻ പ്രസ്താവിച്ചിട്ടുണ്ട്. താൻ പ്രസ്തുത പ്രവർത്തി ചെയ്തത് നഗരസഭാ സെക്രട്ടറിയുടെ എച്ച്3-9380/09 തീയ്യതി: 23/04/2009 ലെ ഉത്തരവ് പ്രകാരമാണെന്നും പ്രവർത്തി ചെയ്യുന്നതിന് അതാത് വാർഡ് കൗൺസിലർമാരുടെ മേൽനോട്ടമുണ്ടായിരുന്നുവെന്നും അവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതമാണ് താൻ ബിൽ സമർപ്പിച്ചതെന്നും തൊഴിലാളികളുടെ എണ്ണവും, മസ്റ്റർറോളും തയ്യാറാക്കിയത് വളരെ കൃത്യതയോടെയും, സത്യസന്ധവുമായാണെന്നും ആയതിനാൽ തന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിക്കരുതെന്നും ടിയാൻ അപേക്ഷിച്ചു.

3. കുറ്റാരോപിതരുടെ പ്രതിവാദ പത്രികകളിന്മേൽ നഗരകാര്യ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"2008 ഏപ്രിൽ മാസത്തിൽ കണ്ണൂർ മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ ചുമതല ഏറ്റെടുത്ത ശ്രീ.ബി.കെ. ബലരാജ് 2009 ജൂലൈ മാസം വരെയാണ് പ്രസ്തുത മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തിരുന്നത്. 2009 ലെ കാലവർഷത്തിനു മുന്നോടിയായി 2009 മേയ് മാസത്തിൽ നഗരസഭാ ചെയർമാൻ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 15(4)-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നൽകിയ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പ്രവൃത്തി ഏറ്റെടുത്തതെന്നും പ്രവൃത്തിയുടെ നിർവ്വഹണത്തിനു വേണ്ടി വിവിധ ഡിവിഷനുകളുടെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മുൻകൂർ തുക അനുവദിച്ച്, ദിവസക്കൂലി വ്യവസ്ഥയിൽ തൊഴിലാളികളെ നിയോഗിക്കുകയാണ് ചെയ്തത്. കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 15(4)-ലെ വ്യവസ്ഥകൾ പ്രകാരം ചെയർപേഴ്സണ് അടിയന്തിര സാഹചര്യത്തിൽ കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും, തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷയ്ക്ക് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ, പ്രവൃത്തി ചെയ്യുന്നതിനോ നിർദ്ദേശിക്കാവുന്നതും അപ്രകാരമുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള ചെലവുകൾ മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽ നിന്നും നൽകുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്. മഴക്കാല പൂർവ്വ ശുചീകരണം അടിയന്തിര പ്രാധാന്യം അർഹിക്കുന്ന പ്രവൃത്തി എന്ന നിലയിൽ മുനിസിപ്പൽ കൗൺസിലിന്റെ ഔപചാരിക അനുമതി കൂടാതെ നിർവ്വഹിച്ച നടപടി മേൽപ്പറഞ്ഞ പ്രകാരം ആക്ടിലെ 15(4) ലെ വ്യവസ്ഥകൾക്കനുസൃതമായതിനാൽ ഇക്കാര്യത്തിലുള്ള സെക്രട്ടറിയുടെ നടപടി അംഗീകരിക്കാവുന്നതാണ്. പ്രവൃത്തിയുടെ യഥാർത്ഥ നിർവ്വഹണവും മേൽനോട്ടവും അതാത് വാർഡിന്റെ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരിലും, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരിലും, ഹെൽത്ത് സൂപ്പർവൈസർമാരിലുമാണ് നിക്ഷിപ്തമായിട്ടുള്ളത്. മസ്റ്റർ റോൾ ഉൾപ്പെടെയുള്ള റെക്കോർഡുകൾ തയ്യാറാക്കി യഥാവിധി സൂക്ഷിച്ച് സമർപ്പിക്കുക എന്ന ഉത്തരവാദിത്വവും പ്രാഥമികമായി ഹെൽത്ത് ഇൻസ്പെക്ടർമാരിൽ തന്നെയാണ്

നിക്ഷിപ്തമായിട്ടുള്ളത്. അവ യഥാവിധി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്ന വിവരം ഫൈനൽ പേയ്മെന്റിന് വരുന്ന സന്ദർഭത്തിൽ മാത്രമാണ് നഗരസഭാ സെക്രട്ടറിക്ക് അറിയുവാൻ കഴിയുന്നത്. ശ്രീ. ബി.കെ. ബലരാജ് 2009 ജൂലായ് മാസം കണ്ണൂർ നഗരസഭയിൽ നിന്നും കാസർകോഡ് നഗരസഭയിലേയ്ക്ക് സ്ഥലം മാറി പോയതായും, പ്രസ്തുത കാലയളവ് വരെ ഫൈനൽ ബിൽ പേയ്മെന്റ് നടത്തിയിട്ടില്ലെന്നുമാണ് പരിശോധനയിലും മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ മസ്റ്റർ റോളും മറ്റ് റെക്കോർഡുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നതു സംബന്ധിച്ച ടിയാന്റെ മറുപടി അംഗീകരിക്കത്തക്കതാണ്.

ആരോഗ്യ സ്ഥിരം സമിതിയുടെ 28/03/2009-ലെ സ്പെഷ്യൽ കമ്മിറ്റി യോഗത്തിന്റെ രണ്ടാം നമ്പർ തീരുമാനത്തിന്റെയും PWD അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.03.2009-ലെ കത്തിന്റെയും അടിസ്ഥാനത്തിലാണ് ഓടകളിൽ നിന്നും മണ്ണ് നീക്കം ചെയ്യാൻ മാസ് വർക്ക് നടത്താനുള്ള നടപടി ആരംഭിച്ചത്. പ്രവൃത്തിയ്ക്ക് ചെയർമാൻ മുൻകൂർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നഗരസഭയിലെ വിവിധ ഹെൽത്ത് ഡിവിഷനുകളിലായി ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാരെ ഓടകൾ വൃത്തിയാക്കുന്ന പ്രവൃത്തിക്ക് എച്ച്3-9380/09 നമ്പർ ഫയലിലെ നടപടികളനുസരിച്ച് ചുമതലപ്പെടുത്തി. ആയതിലേക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അപേക്ഷ പ്രകാരം ആവശ്യമായ മുൻകൂർ തുക അനുവദിക്കാൻ 25.04.2009 നും അനുമതി നൽകി. ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.എ. കൃഷ്ണന് (ബി.ഡിവിഷൻ) 1,50,000/- രൂപയും ശ്രീ.ടി. രവീന്ദ്രന് (സി-ഡിവിഷൻ) 75,000/- രൂപയും ശ്രീ.കെ.കെ. നാരായണന് (എ-ഡിവിഷൻ) 50,000/- രൂപയും പ്രകാരം ആകെ 2,75,000/- രൂപയാണ് മുൻകൂർ തുക അനുവദിച്ചത്.

നഗരസഭാ ഹെൽത്ത് സൂപ്പർവൈസറുടെ 16.05.2009-ലെ കുറിപ്പിൽ ''എ.ബി.സി. ഡിവിഷനുകളിൽ മണ്ണ് നീക്കം ചെയ്യുന്നുണ്ടെങ്കിലും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല'' എന്ന കാര്യം സൂചിപ്പിച്ചിട്ടുണ്ട്. എ, ബി, സി ഡിവിഷനുകളിൽ പ്രവൃത്തിയ്ക്ക് യഥാക്രമം 1548, 1949, 1032 എന്നിങ്ങനെയാണ് തൊഴിലാളികളുടെ എണ്ണം വേണ്ടി വരുന്നതായി ഏകദേശം കണക്കാക്കിയിരുന്നതെന്ന് ഫയലിൽ കാണുന്നു. പ്രവൃത്തി നടത്തിയ ശേഷം എ, ബി, സി, ഡി ഡിവിഷനുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ യഥാക്രമം 815, 1971,830,500 എണ്ണം തൊഴിൽ നിർവ്വഹിച്ചതിന് (140 രൂപ നിരക്കിൽ) യഥാക്രമം 1,14,100/- രൂപ, 2,75,940/- രൂപ, 1,16,200/- രൂപ, 70,000/- രൂപ എന്നീ തുകകൾക്കുള്ള ബില്ലുകൾ മസ്റ്റർ റോൾ സഹിതം സമർപ്പിക്കുകയുണ്ടായി. ഇവയിൽ എ, ബി, സി ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർമാർ മുൻകൂർ തുക കുറവ് ചെയ്ത് യഥാക്രമം 64,100/- രൂപ, 1,25,940/- രൂപ, 41,200/- രൂപ എന്നീ തുകകളാണ് ക്ലെയിം ചെയ്തിട്ടുണ്ട്. പ്രസ്തുത ക്ലെയിമുകൾക്കൊപ്പം പ്രവൃത്തി നിർവ്വഹിച്ചതായി കാണിക്കുന്ന വിവിധ ഡിവിഷനുകളിൽപ്പെട്ട വാർഡ് കൗൺസിലർമാർ നൽകിയ കത്തുകളും ഉണ്ട്. അത്തരം കത്തുകളിൽ വൃത്തിയാക്കിയ ഓടകളുടെ എണ്ണം/തൊഴിലാളി-പണിയുടെ എണ്ണം എന്നിവ കാണിച്ചിട്ടുള്ളവയും ഉണ്ട്. എന്നാൽ മസ്റ്റർ റോളുകളിൽ ചിലതിൽ പ്രവൃത്തിയുടെ പേര്, ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്താത്തതും തൊഴിൽ ചെയ്തയാളുകളുടെ പിതാവിന്റെ പേര്/മേൽവിലാസം രേഖപ്പെടുത്താത്തതുമായ പോരായ്മ കാണുകയുണ്ടായി. മഴക്കാല പൂർവ്വ ശുചീകരണം പ്രാധാന്യമേറിയ പ്രവൃത്തിയാണ്. 16.05.2009-ലെ കുറിപ്പിൽ നിന്നും എ, ബി, സി, ഡി ഡിവിഷനുകളിൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടക്കുന്നതായി ഹെൽത്ത് സൂപ്പർവൈസർമാർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നടത്തിയതായുള്ള വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപ്പെടുത്തലുകൾ പ്രകാരവും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഓടകൾ വൃത്തിയാക്കുന്ന പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും അനുമാനിക്കേണ്ടി വരുന്നു. തന്നെയുമല്ല 2009 മെയ് മാസത്തിൽ നിർവ്വഹിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടായതായി 6 വർഷത്തിനു ശേഷം രേഖകളുടെ/ ജീവനക്കാർ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ കണ്ടെത്തുക ദുഷ്ക്കരമാണ്.

28.03.2009-ലെ സ്പെഷ്യൽ കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാരമാണ് മാസ് ക്ലീനിംഗ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് ഫയൽ പ്രകാരം കാണുന്നു. മസ്റ്റർ റോളുകൾ പ്രസക്ത വിവരങ്ങളെല്ലാം ചേർത്ത് തയ്യാറാക്കിയിരുന്നില്ല എന്നതിനാലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല എന്നതിനാലും ആയതിന് ആധികാരികത പോരാ. ഏതായാലും ഹെൽത്ത് ഇൻസ്പെക്ടർമാർ സമർപ്പിച്ച പ്രസ്തുത ബില്ലുകളൊന്നും ഇതുവരെ അനുവദിച്ചിട്ടില്ലാത്തതാണ്. മാത്രമല്ല നഗരസഭാദ്ധ്യക്ഷന്റെ മുൻകൂർ അനുമതിയോടെ പ്രസ്തുത പ്രവൃത്തിക്ക് മുൻകൂർ തുക അനുവദിച്ചതിന്റെയും പ്രവൃത്തി ചെയ്തതിന്റെ ബില്ലുകളുടേയും വിവരങ്ങൾ നാളിതുവരെ കൗൺസിൽ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല എന്നും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.''

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിൽ 2009 മേയ് മാസത്തിലെ മൺസൂണിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ ഓടകൾ വൃത്തിയാക്കുന്ന പ്രവർത്തികൾക്ക് നൽകിയ മുൻകൂർ അനുമതിക്കും അഡ്വാൻസ് തുക നൽകിയതിനും മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരം നേടിയിരുന്നില്ലെന്ന് കണ്ടെത്തിയതിന്മേൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ബി.കെ. ബലരാജ് സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങളിൽ നഗരകാര്യ ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും മസ്റ്റർ റോളുകൾ കൃത്യമായി തയ്യാറാക്കാത്തതായും പ്രസ്തുത പ്രവർത്തിയിൽ പങ്കെടുത്ത തൊഴിലാളികളുടെ ആകെ എണ്ണം സംബന്ധിച്ച് ക്രമക്കേടുകൾ ഉള്ളതായും പ്രവൃത്തി നടന്നതിനു ശേഷം മസ്റ്റർ റോളുകൾ തയ്യാറാക്കിയതിനാൽ മസ്റ്റർ റോളുകൾ പൂരിപ്പിച്ചിരുന്നതിൽ വിവിധ തെറ്റുകൾ സംഭവിച്ചതായും കണ്ടെത്തിയതിനാൽ കണ്ണൂർ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.എ. കൃഷ്ണൻ, ശ്രീ.റ്റി. രവീന്ദ്രൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ, മേലിൽ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ യാതൊരു വീഴ്ചയും വരുത്തരുതെന്ന കർശന താക്കീത് നൽകിയും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രത്നമ്മ. വി,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. ബി.കെ. ബലരാജ്
ശ്രീ.എ. കൃഷ്ണൻ
ശ്രീ. റ്റി. രവീന്ദ്രൻ
} നഗരകാര്യ ഡയറക്ടർ മുഖേന
സെക്രട്ടറി, കണ്ണൂർ നഗരസഭ.
വിജിലൻസ് വകുപ്പ് (1278/ഡി1/16/വിജി. തീയതി 08.03.2016 പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ